പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1290

31/10/2019-ൽ

മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീമതി ഗീതാ ഗോപി

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2017-18-ലെ ബജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ സ്കൂളുകളെ തെരഞ്ഞെടുത്ത് യഥാക്രമം 5,3 കോടി രൂപ വീതം അനുവദിച്ചിരുന്നു ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി 5 കോടി കിഫ്ബി ധനസഹായത്തോടെ 2017-18 ലെ ബഡ്ജറ്റിൽ അനുവദിച്ച - 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു, 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി 'കൈറ്റ്' ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല SPV യായി 'ഇൻകലി'ന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണത്തിനായി spv ആയി WAPCOS നെ ചുമതലപ്പെടുത്തുന്നതിന് കൈറ്റിൽ നിന്നും സർക്കാരിലേക്ക് കത്തു നൽകിയിട്ടുണ്ട്. 3 കോടി കിഫ്ബി ധനസഹായത്തോടെ 2018-19 ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനു SPV യായി INKEL നെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ INKEL ന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ DPR തയ്യാറാക്കി ഭരണാനുമതിക്ക് സർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. ഒരു കോടി കിഫ്ബി ധനസഹായത്തോടെ 2018-19 ലെ ബഡ്ജറ്റിൽ 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി.

പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം LSGD മുഖാന്തിരം നടത്താനും SPV യായി KILA യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | നാട്ടിക മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകളുടെ പ്രവർത്തനങ്ങളുടെ വിശദാംശവും ഏജൻസികളുടെ പ്രവർത്തനങ്ങളുടെ വിശദാംശവും നൽകാമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാട്ടിക മണ്ഡലത്തിൽ 5 കോടി കിഫ്ബി ധനസഹായത്തോടെ ചേർപ്പ് ഗവ. സ്കൂളിനേയും 3 കോടി കിഫ്ബി ധനസഹായത്തോടെ നാട്ടിക ഫിഷറീസ് സ്കൂളിനേയും തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ എസ്.പി.വി ആയ കൈറ്റ് മുഖേന ശ്രീശൈലം കോൺട്രാക്ടിങ് ആന്റ് റിയൽ എസ്റ്റേറ്റ് എന്ന ഏജൻസിയെ ആണ് ഏൽപ്പിച്ചിട്ടുള്ളത്. 2018-19 ൽ ആയിരത്തിന് മുകളിൽ കുട്ടികൾ പഠിക്കുന്ന വലപ്പാട് ജി.വി.എച്ച്.എസ്.എസിന് 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും എസ്.പി.വി ആയി ഇൻകലിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 500 നും 1000 നുമിടയിൽ കുട്ടികൾ പഠിക്കുന്ന തളിക്കുളം ജി.വി.എച്ച്.എസ്.എസ്, പെരിങ്ങോട്ടുകര ജി.എച്ച്.എസ്.എസ് , കിഴുപ്പിള്ളിക്കര ജി.എൻ.എച്ച്.എസ്.എസ് എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും, നിർമ്മാണ പ്രവർത്തനത്തിന്റെ പ്രസ്തുത പ്രവൃത്തികളുടെ എസ്.പി.വി ആയി 'കില'യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Nanitha. P

**സെക്ഷൻ ഓഫീസർ**